പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2881 **29-10-2026-ൽ മറുപടിയ്ക്ക്**

പുതുക്കാട് മണ്ഡലത്തിലെ വിവിധ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന വിലങ്ങന്നൂർ മുതൽ വെള്ളിക്കുളങ്ങര വരെയുള്ള മലയോര ഹൈവേ റീച്ച് 2 നിർമ്മാണ പ്രവൃത്തികൾ ആരംഭിയ്ക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

മറുപടി: പുതുക്കാട് ഒല്ലൂർ നിയോജകമണ്ഡലങ്ങളിലൂടെ കടന്നു പോകുന്ന മലയോര ഹൈവേയുടെ ഭാഗമായ വിളങ്ങന്നൂർ-വെള്ളിക്കുളങ്ങര റോഡിനു 20.03.2022-ൽ 136.499 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയിരുന്നു. റോഡിൻറെ ആകെ നീളം 31.925 കിലോമീറ്റർ ആണ്. ഇതിൽ 9.10 കിലോമീറ്റർ ഒല്ലൂർ നിയമസഭ മണ്ഡലത്തിലൂടെയും, ശേഷിക്കുന്ന 21.925 കിലോമീറ്റർ പുതുക്കാട് നിയമസഭ മണ്ഡലത്തിലൂടെയും കടന്നുപോകുന്നു. ഇതിൽ വനഭൂമി ആവശ്യമായി വരുന്ന ഭാഗങ്ങളിൽ വനഭൂമിയ്ക്ക് പകരം റവന്യൂ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ തൃശ്ശൂർ ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ നടന്നു വരുന്നു. ഭൂമി ലഭ്യമായ പുളിഞ്ചോട് ജംഗ്ഷൻ മുതൽ പുളിക്കണ്ണി (Ch: 14/514 to Ch: 20/014) വരെയുള്ള 5.50 കി.മീ. ഭാഗം റോഡിനു 24.10.2025 ൽ 44.522 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി 28.10.2025-ൽ ടെൻഡർ ചെയ്യുകയും 70-മത് ടെൻഡർ അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് കെ.ആർ.എഫ്.ബി. മുഖേന നടപ്പാക്കുന്ന പ്രസ്തുത പ്രവൃത്തി ഹൈക്കോടതിയുടെ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചെങ്കിലും നിർമ്മാണം ആരംഭിയ്ക്കാത്ത സാഹചര്യത്തിൽ, നിർമ്മാണം ഉടൻ ആരംഭിയ്ക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പുതുക്കാട് നിയോജകമണ്ഡലത്തിലെ നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം, ചക്കാലക്കടവ് പാലം, പാലക്കടവ് പാലം, കാരികുളം കടവ് പാലം എന്നീ പാലങ്ങളുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

മറുപടി: നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം

30.10.2025 ലെ സ.ഉ (സാധാ) നം.1634/2025/പൊമവ പ്രകാരം 727.86 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ടി പ്രവൃത്തിക്ക് നൽകിയിട്ടുണ്ട്. DSOR 2021 നിരക്കിൽ എസ്റ്റിമേറ്റ് പരിഷ്കരിച്ചതിന്റെ

അടിസ്ഥാനത്തിൽ സമർപ്പിച്ച പുതുക്കിയ ഭരണാനുമതി ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

ചക്കാലക്കടവ് പാലം

31.03.2023 ലെ സ.ഉ(സാധാ) നം.441/2023/പൊമവ പ്രകാരം 12.10 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ടി പ്രവൃത്തിക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

പാലക്കടവ് പാലം

ടി പ്രവൃത്തിക്കായി ക്വാട്ട് ചെയ്ത അധിക നിരക്കിലുള്ള ടെൻഡർ അംഗീകരിക്കുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശിപാർശ പരിശോധിച്ചതിൻ പ്രകാരം, നിരക്കുകൾ സ്വീകാര്യമായ പരിധിയിലേക്ക് താഴ്ത്തുന്നതിനായി കരാറുകാരനുമായി negotiations നടത്തുവാനും, വീണ്ടും ടെണ്ടർ ചെയ്യുന്നത് വഴി ഇതിലും കുറഞ്ഞ നിരക്ക് ലഭിക്കുവാൻ സാധ്യതയുണ്ടോ എന്ന് പരിശോധിക്കുവാനും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാരികുളംകടവ് പാലം

ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ കാരികുളംകടവ് പാലത്തിന്റെ പുനഃനിർമ്മാണത്തിനായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുവാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുണ്ട്. 2026-2027 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിലും ടി പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല.

(ഡി) നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലത്തിന്റെ നിർമ്മാണത്തിനായി 2021 DSOR പ്രകാരം തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനും നിർമ്മാണം ഉടൻ ആരംഭിയ്ക്കുന്നതിനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ;

മറുപടി: DSOR 2021 നിരക്കിൽ എസ്റ്റിമേറ്റ് പരിഷ്ക്കരിച്ചതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച പുതുക്കിയ ഭരണാനുമതി ശിപാർശ പരിശോധിച്ച് വരുന്നു.

(ഇ) പാലക്കടവ് പാലം നിർമ്മാണത്തിനായി ടെണ്ടർ എക്സസ് അപ്രൂവൽ നടപടികൾ പൂർത്തീകരിച്ച് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: ടി പ്രവൃത്തിക്കായി ക്വാട്ട് ചെയ്ത അധിക നിരക്കിലുള്ള ടെൻഡർ അംഗീകരിക്കുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശിപാർശ പരിശോധിച്ചതിൻ പ്രകാരം, നിരക്കുകൾ സ്വീകാര്യമായ പരിധിയിലേക്ക് താഴ്ത്തുന്നതിനായി കരാറുകാരനുമായി നെഗോഷിയേഷൻസ് നടത്തുവാനും, വീണ്ടും ടെണ്ടർ ചെയ്യുന്നത് വഴി ഇതിലും കുറഞ്ഞ നിരക്ക് ലഭിക്കുവാൻ സാധ്യതയുണ്ടോ എന്ന് പരിശോധിക്കുവാനും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ